# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പായിപ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി-10/1592/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/01/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി-10/1592/21 തീയ്യതി: 25/01/2022

## കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 24-11-2021 | 07-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-11-2021 | 07-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുധാ ജേക്കബ് , ഓഡിറ്റ് ഓഫീസർ
ശ്രീമതി ദർശന വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ എമിൽ റ്റി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വത്സമ്മ കുഞ്ഞുമോൾ | പ്രസിഡന്റ് | 01-04-2019 | 20-11-2019 |
| ശ്രീമതി.ട്രീസ ജോസഫ് | പ്രസിഡന്റ് | 21-11-2019 | 31-03-2020 |
| ശ്രീമതി.ഷീല എൽ | സെക്രട്ടറി | 01-04-2019 | 25-04-2019 |
| ശ്രീമതി.ലത എസ് | സെക്രട്ടറി | 26-04-2019 | 27-03-2020 |
| ശ്രീ.സജിത്ത് റ്റി | സെക്രട്ടറി | 30-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രഞ്ജിത്ത് എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.അഞ്ജു വി എസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സാലി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ -അലോപ്പതി | 01-04-2019 | 31-03-2020 |
| ശ്രീമതി.ബീന കെ ദാസ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി.ലീന ജാസ്മിൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി.ടെസി മാത്യൂ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലതികുമാരിയമ്മ പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജോളി ജോസഫ് | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി കെ കെ ഉഷാഭായി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ജലജമണി ഇ ജി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-1 | 01-04-2019 | 17-12-2019 |
| ശ്രീ. കൃഷ്ണകുമാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-1 | 18-12-2019 | 31-03-2020 |
| ശ്രീ. അനൂപ് പി എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-2 | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.അജിത്ത് ജേക്കബ് | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2019 | 21-01-2020 |
| ശ്രീമതി.സൗമ്യ | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 22-01-2020 | 18-03-2020 |
| ശ്രീ.ജിതിൻ ബോസ് കെ ജി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 19-03-2020 | 31-03-2020 |

28/03/20 മുതൽ 29/03/20 വരെ സെക്രട്ടറി തസ്തിക ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Darsana V (Senior Grade Auditor, On 04-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Darsana V (Senior Grade Auditor, On 25-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sudha Jacob (Audit Officer, On 08-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-5 |
| 6 | ദേശീയതൊഴിലുറപ്പ് പദ്ധതി<br>Written By: Emil T Abraham (Senior Grade Auditor, On 29-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 17-01-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Emil T Abraham (Senior Grade Auditor, On 29-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sudha Jacob (Audit Officer, On 06-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunil Kumar G (Senior Grade Auditor, On 30-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-10 |
| 11 | വസ്തുനികുതിയിനത്തിൽ 1335544 രൂപ കുടിശ്ശിക<br>Written By: Emil T Abraham (Senior Grade Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-11 |
| 12 | ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല .<br>Written By: Emil T Abraham (Senior Grade Auditor, On 07-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-12 |
| 13 | രസീത് ഉപയോഗിച്ച് വസ്തു നികുതിയായി പിരിച്ച തുക ഏത് കെട്ടിടത്തിന്റേത് എന്നത് സംബന്ധിച്ച് അവ്യക്തത<br>Written By: Emil T Abraham (Senior Grade Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 07-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-14 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-15 |
| 16 | വാടക- 40824 രൂപ കുടിശ്ശിക | 1-16 |

| | | |
|---|---|---|
| | Written By: Emil T Abraham (Senior Grade Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | |
| 17 | ലേലം - 189179 രൂപ ഈടാക്കാൻ അവശേഷിക്കുന്നു<br>Written By: Emil T Abraham (Senior Grade Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-17 |
| 18 | മോട്ടോർ ഫീ ഈടാക്കിയില്ല<br>Written By: Emil T Abraham (Senior Grade Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-18 |
| 19 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 217900 രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 07-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-19 |
| 20 | ഇ—ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 07-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-20 |
| 21 | പൊതുടാപ്പുകളുടെ വെള്ളക്കരം-<br>Written By: Sudha Jacob (Audit Officer, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 15-01-2022) | 1-21 |
| 22 | തെരുവുവിളക്ക് അറ്റകുറ്റപ്പണിയ്ക്കുള്ള സാധനസാമഗ്രികൾ വാങ്ങൽ- രേഖകൾ പൂർണമല്ല<br>Written By: Sudha Jacob (Audit Officer, On 08-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-22 |
| 23 | അജൈവമാലിന്യ ശേഖരണ പ്ളാന്റ് നിർമ്മാണം -അപാകത<br>Written By: Darsana V (Senior Grade Auditor, On 08-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-23 |
| 24 | മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 08-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-24 |
| 25 | വിനിയോഗവിവരം ലഭ്യമാക്കാത്തത്-<br>Written By: Sudha Jacob (Audit Officer, On 08-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-25 |
| 26 | വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ - സ്റ്റോക്കിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 08-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-26 |
| 27 | വീട് വാസയോഗ്യമാക്കൽ - തുക പര്യാപ്തമല്ല<br>Written By: Sunil Kumar G (Senior Grade Auditor, On 08-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 17-01-2022) | 1-27 |
| 28 | ലൈഫ് ജനറൽ - തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല<br>Written By: Sunil Kumar G (Senior Grade Auditor, On 08-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 1-28 |
| 29 | കന്നുകുട്ടി പരിപാലനം- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 07-12-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 17-01-2022) | 1-29 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 17-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ<br>Written By: Sudha Jacob (Audit Officer, On 06-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 17-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 25-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 17-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 17-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 25-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 25-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Emil T Abraham (Senior Grade Auditor, On 30-11-2021)<br>Last Updated By: M.N.Radhakrishnan (Deputy Director, On 25-01-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്-വിശകലനം

2019-20 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23/03/2020 തീയതിയിലെ 3/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു

| | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് | റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 12505799 | 28570203 |
| വരവ് | 121617960 | 58783513 |
| ആകെ | 134123759 | 87353716 |
| ചെലവ് | 126926378 | 52249753 |
| നീക്കിയിരിപ്പ് | 7197381 | 35103963 |

പുതുക്കിയ ബജറ്റ് പ്രകാരം 12.16 കോടി രൂപയുടെ പ്രതീക്ഷിത വരവും 12.69 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 7.25 കോടി രൂപയും ചെലവ് 6.95 കോടി രൂപയുമാണ്.

ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയതിന്റെ എല്ലാരേഖകളും ഫയൽചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 72599628/- രൂപയും ചെലവ് 69524791/- രൂപയും തൻവർഷ പ്രവർത്തന ലാഭം 3012766/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 69516923/- രൂപയും ബാധ്യതകളുടെ മൂല്യം 44896809/- രൂപയും ജനറൽ ഫണ്ട് 24620114/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2.പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ചെക്ക് നമ്പർ | തീയതി | |
|---|---|---|---|
| പായിപ്പാട് സർവീസ് സഹകരണബാങ്ക് | 12405 | 29.08.2017 | 1210 |
| | 19646 | 28.02.2018 | 7000/- |

| | | | |
|---|---|---|---|
| .(A/c No. 1/291 ) | 12413 | 02.09. | 280/- |

3.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

4.തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല , മുൻകുറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

4.ബാലൻസ് ഷീറ്റിലെ ബി- 7 ഷെഡ്യൂൾ പ്രകാരം 340800101 എന്ന ഹെഡിൽ മുന്നിരിപ്പായി നിലനിൽക്കുന്ന ഡെപോസിറ്റ് തുകയായ 150000/- രൂപയുടെ വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കുട്ടുന്നതിന് സാധിച്ചിട്ടില്ല.

5.പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

6.ബി- 18 ഷെഡ്യൂളിൽ 460600101 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 9975/- രൂപ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമല്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ടി തുക 21.12.2015 ൽ നൽകിയതായി കാണുന്നു.

7. ബി- 18 ഷെഡ്യൂളിൽ 460100199 എന്ന ശീർഷകത്തിൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

8.ബി -9 ഷെഡ്യൂൾ പ്രകാരം 350800101 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ 108023/- രൂപയുടെ വിശദാംശങ്ങൾ രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

9.മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

10.തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

11.31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

12.ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 350410105 എന്ന ഹെഡിൽ ബാദ്ധ്യതയായി അവശേഷിക്കുന്ന 208193/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

13.സംയുക്ത പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് വിഹിത (പ്രോജക്ട് നമ്പർ -19 /19-20,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ) ത്തിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് സാംഖ്യ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

14.1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.

15.സർക്കാർ/മറ്റ സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത വ്യക്തമല്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28570203 |
| ഓഡിറ്റ് വർഷത്തെ വരവ് | 58783513 |
| ആകെ | 87353716 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 52249753 |
| നീക്കിയിരിപ്പ് | 35103963 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 626393 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ് / വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18468000 | 18468000 | 11552137 | 6915863 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 9428000 | 9428000 | 2910545 | 6517455 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | ० | ० | ० | ० |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10573607 | 10573607 | 2930560 | 7643047 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 10625000 | 10625000 | 6689815 | 3935185 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4022000 | 4022000 | 3749762 | 272238 |
| ആകെ ലാപ്സായ തുക | | | | | 25283788 |
| ICDS ഫണ്ട് (കേന്ദ്രവിഹിതം) | 1039269/- | 856590 | 1895859 | 600000 | 1295859 |
| MGNREGA (കേന്ദ്രവിഹിതം) | 29788/- | 517039/- | 546827/- | 239925/- | 306902/- |
| ശുചിത്വ മിഷൻ ഗ്രാന്റ് | 728690/- | 180000 | 908690 | 842813 | 65877 |

വികസനഫണ്ട് വരവ് പൊതുവിഭാഗത്തിൽ പഞ്ചായത്തിൽ നേരിട്ട് വന്ന 17953294/- രൂപയും ജി.ഓ. പ്രോജക്ടിലൂടെ (പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള ജി.ഒ പ്രോജക്ടുകൾ )ക്രമീകരിച്ച 514706/- രൂപയും ഉൾപ്പടെ 18468000/- രൂപയാണ്. . ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച അക്കൗണ്ടിങ്ങിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ അലോട്ട്മെന്റ് തുകയിൽ സോഴ്സിൽ കുറച്ച തുകഉൾപ്പെട്ടിട്ടില്ല . ആയതിനാൽ പ്രസ്തുത ഗ്രാന്റിന്റെ വരവും നീക്കിയിരിപ്പും ഗ്രാന്റ് പത്രികയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.
3. പഞ്ചായത്തിൽ നേരിട്ട് ലഭിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ സൂചിപ്പിച്ച ധനകാര്യ പത്രിക പ്രകാരമുള്ള അവയുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമല്ല. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ. പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 12-10-2018 ലും പദ്ധതിരൂപീകരണ ഗ്രാമ സഭകൾ 15-11-2018 മുതൽ 17-11-2018 വരെയും നടക്കുകയുണ്ടായി.23-02-19 മുതൽ 26-02-19 വരെ നടന്ന വിവിധ ഗ്രാമസഭായോഗങ്ങളിൽ ഗുണഭോക്തൃലിസ്റ്റിന് അംഗീകാരം നൽകി. വർക്കിംഗ് ഗ്രൂപ്പിലും , ഗ്രാമ സഭയിലുമായി ഉരുത്തിരിഞ്ഞ പദ്ധതി നിർദേശങ്ങൾ 03-12-2018 ൽ നടന്ന വികസനസെമിനാറിൽ ചർച്ചചെയ്ത് വാർഷിക പദ്ധതി പ്രോജക്ടുകൾ അന്തിമമാക്കുകയും ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്ടുകൾക്ക് 09-03-2020 ലെ 2707/18/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു. അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 220 | 98257327 | 126 | 39374173 | 94 | 57.27 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 3 | 5202150 | 1361504 |
| 2 | വെറ്ററിനറി സർജൻ | 18 | 6 | 7929000 | 1010700 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 6 | 6 | 2664800 | 1050656 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 100000 | 100000 |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 2 | 2 | 260000 | 258721 |
| 6 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 0 | 700000 | 0 |
| 7 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ | 17 | 14 | 31000817 | 10209952 |
| 8 | ഐ.സി.ഡി.എസ് | 8 | 6 | 5573649 | 4823338 |

| | | | | | |
|---|---|---|---|---|---|
| | സൂപ്പർവൈസർ | | | | |
| 9 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 1904000 | 1191593 |
| 10 | സെക്രട്ടറി | 21 | 18 | 7030003 | 4680983 |
| 11 | അസിസ്റ്റന്റ് എൻജിനീയർ. | 127 | 61 | 34384358 | 13690033 |
| 12 | ഹെഡ്മാസ്റ്റർ | 1 | 1 | 40000 | 40000 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി. | 6 | 5 | 1468550 | 956693 |
| ആകെ | | 220 | 126 | 98257327 | 39374173 |

കോവിഡ് പ്രതിസന്ധി രൂക്ഷമായ സമയമായിരുന്നതിനാൽ അംഗീകാരം ലഭിച്ച പദ്ധതികളിൽ 57% മാത്രമേ നടപ്പാക്കിയിട്ടുള്ളു. വാർഷികപദ്ധതിയ്ക്കായി ആകെ വകയിരുത്തിയ തുകയിൽ 40% മാത്രമേ ചെലവഴിയ്ക്കാനായിട്ടുള്ളു.ഫിഷറീസ് സബ് ഇൻസ്പെക്ടർ തൻവർഷം പ്രോജക്ടൊന്നും നടപ്പാക്കിയില്ല. മാത്രമല്ല അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്റിനറി സർജൻ എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളും ഭൂരിഭാഗവും നടപ്പാക്കാനായിട്ടില്ല. നെൽവിത്ത് സബ്സിഡിയും പുതിയ തെങ്ങിൻതൈ വെയ്ക്കലും മാത്രമാണ് കൃഷി ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ. കറവപ്പശു വിതരണം, മുട്ടക്കോഴി വളർത്തൽ, മുട്ടക്കോഴി വിതരണം പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി എന്നിവയാണ് വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രധാന പ്രോജക്ടുകൾ. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഭൂരിഭാഗം പ്രോജക്ടുകളും റോഡ് കോൺക്രീറ്റിംഗ് ആണ്. പ്രോജക്ട് നിർവ്ഹണത്തിൽ കൃത്യമായ മോണിറ്ററിംഗും നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും മീറ്റിംഗുകൾ കൂടി ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കുന്നതിന് പല ഗ്രൂപ്പുകൾക്കും സാധിച്ചില്ല. കൂടാതെ പ്രോജക്ടുകളുടെ നിർവഹണഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിട്ടറിംഗും നടന്നിട്ടില്ല. പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് കൃത്യമായ ഇടവേളകളിലുള്ള മോണിട്ടറിംഗും അനിവാര്യമാണ്.

പദ്ധതി തുകകൾ ലാപ്സായത്-

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതും വഴി വികസനഫണ്ട് (ജനറൽ, എസ് സിപി,) സിഎഫ് സി, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ നിന്ന് ഗ്രാമ പഞ്ചായത്തിന് 25283788- രൂപ നഷ്ടമാകാനിടയായതായി കാണുന്നു. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ദേശീയതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷം 2102 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ് പ്രകാരം 252 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 147 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 139 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 28189 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 695 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മണ്ണ് , ജല സംരക്ഷണ പ്രവർത്തികൾ അടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ്ബുക്ക് പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ക്യാഷ് | 29788 | 517039 | 546827 | 239925 | 306902 |
| ഗുണഭോക്താക്കൾക്ക് | 0 | 8089289 | 8089289 | 8089289 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 29788 | 8606328 | 8636116 | 8329214 | 306902 |

തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.. വിശദാംശങ്ങൾ വാർഷികകണക്ക് അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 ക്ഷേമപദ്ധതികൾ

2019-20 വർഷം വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16080 | 27 |
| വാർദ്ധക്യകാലപെൻഷൻ | 5318400 | 1398 |
| കർഷകതൊഴിലാളി പെൻഷൻ | 2397600 | 623 |
| വിധവാപെൻഷൻ | 2731200 | 605 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 97200 | 20 |
| വികലാംഗപെൻഷൻ | 911600 | 247 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 24/11/2021-ന് 03:00 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 6788/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. ഓരോ ജീവനക്കാരന്റെയും ജോലി ഓഫീസ് ഉത്തരവുകൾ മുഖേന നിർവ്വചിച്ചിട്ടുണ്ട്. സാംഖ്യാ സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള സാമ്പത്തിക വിനിമയങ്ങളും കൃത്യമമായി നടത്തിപ്പോരുന്നുണ്ട്. ഡേബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുകയും പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും ഡിസിബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ തയ്യാറാക്കി സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കൃത്യമല്ല. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. തുടർച്ചയായുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം രേഖകളുടെ സൂക്ഷിപ്പിൽ പ്രതിഫലിക്കുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതികളുടെ നടത്തിപ്പിൽ മോണിട്ടറിംഗ് നടത്തുന്നതിൽ മതിയായ ശ്രദ്ധപുലർത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.11.2019 | 10/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2016 – 18.03.2016 | 2010-11 To 2014-15 | LBA(HQ) II/8A-2418 തീയതി 10.05.2016 |

## 1-11 വസ്തുനികുതിയിനത്തിൽ 1335544 രൂപ കുടിശ്ശിക

വസ്തുനികുതിയിനത്തിൽ 31.03.2020-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|
| റെസിഡെൻഷ്യൽ (കറണ്ട്) | 733792 |
| റെസിഡെൻഷ്യൽ (അരിയർ) | 149137 |
| നോൺ റെസിഡെൻഷ്യൽ (കറണ്ട്) | 398721 |
| നോൺ റെസിഡെൻഷ്യൽ (അരിയർ) | 53894 |
| ആകെ | 1335544 |

വസ്തുനികുതിയിലെ കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 01/2020-21,തീയതി-26/11/21) കുടിശിക ഈടാക്കാൻ ക്യാമ്പ് കളക്ഷൻ ഉൾപ്പെടെയുള്ള നടത്തുന്നുണ്ടെന്ന് മറുപടി നൽകി . നികുതിപിരിവ് ഊർജിതമാക്കാനുള്ള ശ്രമം നടത്തേണ്ടതാണ്

. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-12 ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല .

9/7/2015 ലെ സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയിട്ടുണ്ടെങ്കിൽ മാത്രം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് .

കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതിന്റെ 2019-20 കാലയളവിലെ ഫയലുകൾ പരിശോധിച്ചതിൽ മേൽ സൂചിപ്പിച്ച ഉത്തരവ് പാലിച്ചതിന്റേയോ , വില്ലേജ് ഓഫീസിൽ അറിയിച്ചതിന്റേയോ രേഖകളും ഉണ്ടായിരുന്നില്ല . ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു .

| നമ്പർ | ഫയൽ നമ്പർ | കെട്ടിട നമ്പർ/ വില്ലേജ് | ഉടമയുടെ പേര് | പ്ലീന്ത് ഏരിയ (M2)/ഉപയോഗണം (R/O) | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | A. 3-2434/19 | 302/A-6 | ജോസഫ് ആന്റണി | 227.86 R | 6000 ($200m^2$ മുതൽ $250m^2$ വരെ തറ വിസ്തീർണ്ണം ഉള്ളവയ്ക്ക് ആനുപാതിക നിരക്കായ 6000) |
| 2 | A. 4-381/20 | 3/225 -C-3 | റ്റിറ്റോ തോമസ് | 253.06 R | 6000 ($200m^2$ മുതൽ $250m^2$ വരെ തറ വിസ്തീർണ്ണം ഉള്ളവയ്ക്ക് ആനുപാതിക നിരക്കായ 6000) |
| 3 | A. 3-2311/19 | 350/C-9 | ഡോ.അലക്സാണ്ടർ ഫിലിപ്പ് | 541.77 O | 70380( $250m^2$ മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 18000 രൂപ (+) $250m^2$ മുകളിൽ അധികമുള്ള ഓരോ 10 $M^2$ നും 1800 വീതം) |
| 4 | A. 4-3220/19 | 50 D/ -15 | ബെന്നി തോമസ് | 260.32 O | 19800 ($250m^2$ മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 18000 രൂപ (+) |

| | | | | | |
|---|---|---|---|---|---|
| | | | | | $250m^2$ മുകളിൽ അധികമുള്ള ഓരോ 10 $M^2$ നും 1800 വീതം) |
| 5 | A. 4-1490/19 | 3/405 D- 3 | ദിലീമ ദേവസ്യ | 503.88 O | 63540 ($250m^2$ മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 18000 രൂപ (+) $250m^2$ മുകളിൽ അധികമുള്ള ഓരോ 10 $M^2$ നും 1800 വീതം) |
| 6 | A. 3-2090/19 | 12/183 A-12 | ദീപു | 471.48 R | 32520 ($250m^2$ മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 18000 രൂപ (+) $250m^2$ മുകളിൽ അധികമുള്ള ഓരോ 10 $M^2$ നും 1800 വീതം) |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.08/2020-21 തീ.01.12.2021) ഓഡിറ്റ് ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പായിപ്പാട് വില്ലേജ് ഓഫീസിന് കൈമാറിയതായി മറുപടി നൽകി .

ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഇല്ലാത്ത കൂടുതൽ കെട്ടിടങ്ങൾക്ക് 2019-20 കാലയളവിൽ നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ സഹായത്തോടെ വിശദമായ പരിശോധന നടത്തുന്നത് ഉചിതമായിരിക്കും . അപ്രകാരം പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് . ഇനി മുതൽ ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ സംബന്ധിച്ച സർക്കാർ നിർദ്ദേശം കർശനമായി പാലിക്കാൻ ബന്ധപ്പെട്ട സെക്ഷനും ഓഫീസ് മേധാവിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ് .

## 1-13 രസീത് ഉപയോഗിച്ച് വസ്തു നികുതിയായി പിരിച്ച തുക ഏത് കെട്ടിടത്തിന്റേത് എന്നത് സംബന്ധിച്ച് അവ്യക്തത

രസീത് ബുക്കിലെ കളക്ഷൻ വിവരങ്ങൾ , സഞ്ചയയിലെ പോസ്റ്റിങ്ങ് എന്നിവ താരതമ്യം ചെയ്തതിൽ ചുവടെ സൂചിപ്പിക്കുന്ന അപാകത ശ്രദ്ധയിൽ പെട്ടു . 14969 നമ്പർ രസീത് ബുക്കിന്റെ 50, 51, 52 രസീതുകൾ ഉപയോഗിച്ച് യഥാക്രമം 15/49 C കെട്ടിടത്തിന്റെ 290 രൂപ , 15/49 B കെട്ടിടത്തിന്റെ 2826 രൂപ, 15/49 A കെട്ടിടത്തിന്റെ 347 രൂപ ക്യാമ്പ് കളക്ഷൻ നടത്തി കെട്ടിട നികുതിയായി 02/11/2019 ൽ പിരിച്ചിട്ടുണ്ട് . എന്നാൽ സഞ്ചയയിലോ, ഓഫീസിലെ രജിസ്റ്ററുകളിലോ പ്രസ്തുത കെട്ടിടങ്ങളെ സംബന്ധിക്കുന്ന യാതൊരു വിവരവും ഇല്ല( ഈ നമ്പരിലുള്ള കെട്ടിടം നിലവിൻ ഇല്ല എന്നാണ് സഞ്ചയിൽ സൂചിപ്പിച്ചിരിക്കുന്നത്). ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം -

10/2020-21,തീയതി-01/12/21) മറുപടി നൽകിയില്ല. രസീതിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയതിൽ പിഴവ് സംഭവിച്ചതാണെങ്കിലോ മറ്റ് അപാകതയാണെങ്കിലോ ആയത് പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-14 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരു വ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു .

ഒന്നാം അർദ്ധ വർഷം

| ക്രമ നം . | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെൻട്രൽ സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് , പായിപ്പാട് |
| 2 | ബി എസ് എൻ എൽ |
| 3 | പൗർണ്ണമി ഫ്യൂവൽസ് |
| 4 | ക്ഷീരോൽപ്പാദക സംഘം വെള്ളാപ്പള്ളി |
| 5 | പുഷ്പഗിരി മെഡിക്കൽ കൺസൾട്ടൻസി, പള്ളിക്കച്ചിറ, പായിപ്പാട് |
| 6 | ക്ഷീരോൽപ്പാദക സംഘം പള്ളിക്കച്ചിറ |
| 7 | ഇണ്ടിപറമ്പിൽ ഫൈനാൻസിയേഴ്സ് |
| 8 | മുത്തൂറ്റ് മൈക്രോ ഫിൻ ലി. |

രണ്ടാം അർദ്ധ വർഷം

| ക്രമ നം . | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെൻട്രൽ സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് |
| 2 | മുത്തൂറ്റ് ഫിനാൻസ് എൽ എം ഡി |
| 3 | മുത്തൂറ്റ് ഫിൻകോർപ്പ് ,നാലുകോടി |
| 4 | ബി എസ് എൻ എൽ |
| 5 | പൗർണ്ണമി ഫ്യൂവൽസ് |
| 6 | ക്ഷീരോൽപ്പാദക സംഘം നാലുകോടി |
| 7 | ക്ഷീരോൽപ്പാദക സംഘം വെള്ളാപ്പള്ളി |
| 8 | പുഷ്പഗിരി, മെഡിക്കൽ കൺസൾട്ടൻസി, പള്ളിക്കച്ചിറ, പായിപ്പാട് |
| 9 | ക്ഷീരോൽപ്പാദക സംഘം പള്ളിക്കച്ചിറ |

| | |
|---|---|
| 10 | ഇണ്ടിപറമ്പിൽ ഫൈനാൻസിയേഴ്സ് |
| 11 | മുത്തൂറ്റ് മൈക്രോ ഫിൻ ലി. |
| 12 | കുത്തുകല്ലുങ്കൽ ഫിനാൻസ് നാലുകോടി |

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ, റേഷൻ കടകൾ ,കരാറുകാർ തുടങ്ങിയവയേയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.01/26.11.2021) മറുപടിയിൽ മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി . കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1), (I) (Ii) (Iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

ഒന്നാം അർദ്ധ വർഷം

| ക്രമ നം . | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെൻട്രൽ സർവ്വീസ് കോ.ഓപ്പറേറ്റിവ് ബാങ്ക് , പായിപ്പാട് |
| 3 | ഫെഡറൽ ബാങ്ക് |
| 4 | ബി എസ് എൻ എൽ |
| 6 | പൗർണ്ണമി ഫ്യൂവൽസ് |
| 7 | മുത്തൂറ്റ് ഫിനാൻസ് ,പായിപ്പാട് |
| 8 | ക്ഷീരോൽപ്പാദക സംഘം നാലുകോടി |
| 9 | ക്ഷീരോൽപ്പാദക സംഘം വെള്ളാപ്പള്ളി |
| 10 | പുഷ്പഗിരി മെഡിക്കൽ കൺസൾട്ടൻസി, പള്ളിക്കച്ചിറ, പായിപ്പാട് |
| 11 | ക്ഷീരോൽപ്പാദക സംഘം പള്ളിക്കച്ചിറ |
| 12 | ഇണ്ടിപറമ്പിൽ ഫൈനാൻസിയേഴ്സ് |
| 14 | മുത്തൂറ്റ് മൈക്രോ ഫിൻ ലി. |
| 16 | ഇൻഡി ട്രേഡ് മൈക്രോ ഫിൻ ലി. |
| 21 | കുത്തുകല്ലുങ്കൽ ഫിനാൻസ് നാലുകോടി |

രണ്ടാം അർദ്ധ വർഷം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കോട്ടയം ജില്ലാ സഹകരണ ബാങ്ക് |
| 2 | സെൻട്രൽ സർവ്വീസ് കോ.ഓപ്പറേറ്റിവ് ബാങ്ക് |
| 3 | മുത്തൂറ്റ് ഫിനാൻസ് എൽ എം ഡി |
| 4 | സർവ്വീസ് കോ.ഓപ്പറേറ്റിവ് ബാങ്ക് നാലുകോടി |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് ,നാലുകോടി |
| 8 | ബി എസ് എൻ എൽ |
| 9 | പൗർണ്ണമി ഫ്യൂവൽസ് |
| 10 | ക്ഷീരോൽപ്പാദക സംഘം നാലുകോടി |
| 11 | ക്ഷീരോൽപ്പാദക സംഘം വെള്ളാപ്പള്ളി |
| 12 | പുഷ്പഗിരി മെഡിക്കൽ കൺസൾട്ടൻസി, പള്ളിക്കച്ചിറ, പായിപ്പാട് |
| 13 | ക്ഷീരോൽപ്പാദക സംഘം പള്ളിക്കച്ചിറ |
| 14 | ഇണ്ടിപറമ്പിൽ ഫൈനാൻസിയേഴ്സ് |
| 15 | മുത്തൂറ്റ് മൈക്രോ ഫിൻ ലി. |
| 16 | കുത്തുകല്ലുങ്കൽ ഫിനാൻസ് നാലുകോടി |

കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള കള്ള് ഷാപ്പുകൾ , റേഷൻ കടകൾ ,കരാറുകാർ തുടങ്ങിയവയേയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.01/26.11.2021) മറുപടിയിൽ മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി . കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204,205 വകുപ്പുകൾ , കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ /ട്രേഡേഴ്സ് / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ 2019-20 വർഷത്തെ സ്ഥാപനതൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

1-16 വാടക- 40824 രൂപ കുടിശ്ശിക

വാർഷിക കണക്ക് , വാടക രജിസ്റ്റർ എന്നിവ പ്രകാരം 40824 രൂപ വാടക കുടിശ്ശിക ഉള്ളതായി കാണുന്നു . വിശദ വിവരം ചുവടെ ചേർക്കുന്നു

| കുടിശ്ശിക വരുത്തിയ സ്ഥാപനം | കെ എസ്ഇ ബി കളക്ഷൻ സെന്റർ |
|---|---|
| കെട്ടിട നമ്പർ | 9/415 എ |
| 2018-19 വരെയുള്ള കുടിശ്ശിക | 33156 രൂപ |
| 2019-20 ലെ കുടിശ്ശിക | 7668 രൂപ |
| ആകെ കുടിശ്ശിക | 40824 രൂപ |

ഫയൽ പരിശോധിച്ചതിൽ 2014-15 മുതൽ വാടക ഒടുക്കിയിട്ടില്ല എന്ന് കാണുന്നു . കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 02/2019-20,തീയതി -30/11/21 ) കുടിശ്ശിക തുക ഈടാക്കാൻ പല തവണ നോട്ടീസ് നൽകിയിട്ടുണ്ടെന്നും പഞ്ചായത്തിന്റെ താൽപ്പര്യ പ്രകാരം കളക്ഷൻ സെന്റർ നടത്തുന്നതിന് സൗജന്യമായിട്ടാണ് കെട്ടിടം നൽകിയത് എന്ന് കെ എസ്ഇ ബി അറിയിച്ചതായും ( സൗജന്യമായി അനുവദിച്ചതിന്റെ യാതൊരു രേഖകളും പഞ്ചായത്തോ കെ എസ്ഇ ബി യോ

ലഭ്യമാക്കിയിട്ടില്ല ) നിലവിൽ കെട്ടിടം ഒഴിഞ്ഞ് പോയതായും മറുപടി നൽകി . കുടിശ്ശിക തുക ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിച്ച് കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-17 ലേലം - 189179 രൂപ ഈടാക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിന്റെ പൊതു മാർക്കറ്റിൽ 2019-20 വർഷത്തേക്കുള്ള മാംസ വ്യാപാരം നടത്തുന്നതിനുള്ള അവകാശം ലേലത്തിലൂടെ ലഭിച്ച ശ്രീ. മുഹമ്മദ് സലിം എന്ന വ്യക്തി ലേലതുക പൂർണ്ണമായും ഒടുക്കിയിട്ടില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു .

| | |
|---|---|
| ലേലം നടന്ന തീയതി | 06/06/2019 |
| ലേലത്തിലൂടെ മാംസ വ്യാപാരം നടത്തുന്നതിനുള്ള അവകാശം ലഭിച്ച വ്യക്തി | ശ്രീ. മുഹമ്മദ് സലിം , ചന്ദനപറമ്പിൽ , പായിപ്പാട് |
| അംഗീകരം ലഭിച്ച കമ്മിറ്റി തീരുമാനം | 14/06/2019 ലെ 14(1) നമ്പർ കമ്മിറ്റി തീരുമാനം |
| ലേലം പ്രകാരം അടവാക്കേണ്ട തുക | 710684 |
| അടവാക്കിയ തുക | 521505 ( ഡെപ്പോസിറ്റ് തുക ഉൾപ്പെടെ ) |
| അടവാക്കാനുള്ള തുക | 189179 |

ഫയൽ പരിശോധിച്ചതിൽ ലേല നോട്ടീസിൽ പ്രതിപാദിച്ചത് പോലെ 200 രൂപ മുദ്ര പത്രത്തിൽ മതിയായ ജാമ്യത്തോടുകൂടി ഉടമ്പടി വച്ചതായും കാണുന്നില്ല .കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 02/2019-20,തീയതി -30/11/21 ) ബാക്കി ലേല തുക ഒടുക്കാൻ സാധ്യമല്ല എന്ന കാരണം പറഞ്ഞ് കോടതി മുൻപാകെ അന്യായം ഫയൽ ചെയ്തിട്ടുള്ളതാണെന്നും കോടതിയുടെ അന്തിമ വിധി അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .ലേല നോട്ടീസിൽ പ്രതിപാദിച്ചത് പോലെ 200 രൂപ മുദ്ര പത്രത്തിൽ മതിയായ ജാമ്യത്തോടുകൂടി ഉടമ്പടി വച്ചിരുന്നു എങ്കിൽ ഇത്തരത്തിലുള്ള നിയമനടപടിയിലേക്ക് പോകുന്നത് ഒഴിവാക്കാമായിരുന്നു . കർശനമായും ലേലം കൊള്ളുന്നയാളിൽ നിന്നും മുദ്ര പത്രത്തിൽ മതിയായ ജാമ്യത്തോടുകൂടിയ ഉടമ്പടി വയ്ക്കുവാൻ ഓഫീസ് തലവൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ് . കോടതിയുടെ അന്തിമ വിധി അനുസരിച്ച് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . തുക ഈടാക്കാത്തപക്ഷം മുദ്രപത്രത്തിൽ മതിയായ ജാമ്യത്തോടുകൂടി ഉടമ്പടി വയ്ക്കാത്ത കാരണത്താൽ പ്രസ്തുത തുക സെക്രട്ടറിയുടെ ബാധ്യത ആകുന്നതാണ്.

1-18 മോട്ടോർ ഫീ ഈടാക്കിയില്ല

വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട് . എന്നാൽ പായിപ്പാട് ഗ്രാമപഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 വർഷത്തിൽ മോട്ടോർ ഫീ ഈടാക്കിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | വാർഡ് | ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന മോട്ടോർ | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | 11/280 | മുഹമ്മദ് ഇബ്രാഹിം | സോ മിൽ | 44എച്ച്.പി | 500 |
| 2 | 4/3 | വർഗ്ഗീസ് ദേവസ്യ | ഫ്ലോർ മിൽ | 20എച്ച്.പി | 200 |

| | | | | | |
|---|---|---|---|---|---|
| 3 | 111/244 | ആന്റണി തോമസ് | കോൺക്രീറ്റ് കട്ട നിർമ്മാണം | 8എച്ച്.പി | 100 |
| ആകെ | | | | | 800 |

നിയമാനസൃതമായ മോട്ടോർ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം -09/2020-21 തീയതി 01.12.2021) മോട്ടോർ ഫീ ഒടുക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി .

നിയമാനസൃതമായ മോട്ടോർ ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 217900 രൂപ തിരികെ ഈടാക്കണം

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു . എന്നാൽ പായിപ്പാട് ഗ്രാമ പഞ്ചായത്തിലെ 2019-20 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടു പോലും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം പായിപ്പാട് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | അപ്പുക്കുട്ടൻ നായർ | വാർദ്ധക്യ പെൻഷൻ | 105580200772 | 29/12/19 | 15/01/20 | 01/20 മുതൽ 10/21 വരെ | 31400 |
| 2. | തങ്കപ്പൻ | വാർദ്ധക്യ പെൻഷൻ | 105580200390 | 11/01/20 | 22/01/20 | 02/20 മുതൽ 10/21 വരെ | 30200 |
| 3 | സാറാമ്മ തോമസ് | വാർദ്ധക്യ പെൻഷൻ75 | 105580200616 | 22/01/20 | 30/01/20 | 02/20 മുതൽ 10/21 വരെ | 32200 |
| 4 | തോമസ് ഔസേഫ് | കർഷക തൊഴിലാളി പെൻഷൻ | 105580100061 | 23/01/20 | 10/02/20 | 02/20 മുതൽ 04/20 വരെ | 3700 |
| 5 | ശാരദ കെ | കർഷക തൊഴിലാളി പെൻഷൻ | 105580100442 | 21/01/20 | 10/02/20 | 02/20 മുതൽ 10/21 വരെ | 30200 |
| 6 | കണ്ണൻ കെ കെ | കർഷക തൊഴിലാളി പെൻഷൻ | 105580100002 | 09/02/20 | 18/02/20 | 03/20 മുതൽ 10/21 വരെ | 29000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | നളിനി | ഡിസബിലിറ്റി പെൻഷൻ | 105580400062 | 25/02/20 | 20/03/20 | 03/20 മുതൽ 10/21 വരെ | 29000 |
| 8 | അബ്ദുൾഖാദർ | വാർദ്ധക്യ പെൻഷൻ75 | 105580200322 | 21/02/20 | 13/04/20 | 03/20 മുതൽ 04/20 വരെ | 3000 |
| 9 | ശിവരാമൻ | വാർദ്ധക്യ പെൻഷൻ75 | 105580200677 | 30/03/20 | 19/06/20 | 04/20 മുതൽ 10/21 വരെ | 29200 |
| | | | | | | | 217900 |

പെൻഷൻ തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു .

| | 04/2019 മുതൽ 03/2020 വരെ | 04/2020 മുതൽ 08/2020 വരെ | 09/2020 മുതൽ 12/2020 വരെ | 01/2021 മുതൽ 03/2021 വരെ | 04/2021 മുതൽ 08/2021 വരെ |
|---|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ (75 വയസിൽ കൂടുതൽ) | 1500 | 1500 | 1500 | 1500 | 1600 |
| മറ്റ് ക്ഷേമ പെൻഷനുകൾ | 1200 | 1300 | 1400 | 1500 | 1600 |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല . ഓഡിറ്റ് ഇത് പരിശോധിക്കുന്ന വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ് . ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ പായിപ്പാട് ഗ്രാമപഞ്ചായത്തിൽ 2019 -20 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 03/2020-21,തീയതി -26/11/21 ) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ 67/20 നമ്പർ സർക്കുലർ , ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന നമ്പർ ഉത്തരവ് എന്നിവ പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 217900/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

1-20 ഇ—ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി

തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ്ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 2019-20വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് / നം | ലഭിച്ച ടെൻഡറുകൾ | ടെൻഡർ ഫീസ് | ആകെ ടെൻഡർ ഫീസ് |
|---|---|---|---|---|
| 1 | മുണ്ടുകൊട്ടൽ കളപുരയ്ക്കൽ പടി റോഡ് കോൺക്രീറ്റിംഗ് | 2 | 1232 | 2464 |
| 2 | പൂവംപള്ളി നക്രാൽപുതുവേൽ റോഡ് കോൺക്രീറ്റിംഗ് | 1 | 1660 | 1600 |
| 3 | ഒട്ടത്തില്പടി അടവിച്ചിറ പാടശേഖരം റോഡ് കോൺക്രീറ്റിംഗ് | 2 | 1400 | 2800 |
| 4 | ലായിക്കാട് മരങ്ങാറ്റുപടി ഗുരുമന്ദിരം റോഡ് കോൺക്രീറ്റിംഗ് | 3 | 1600 | 4800 |
| 5 | പൂവംപള്ളി നക്രാൽപുതുവേൽ റോഡ് കോൺക്രീറ്റിംഗ് | 1 | 1600 | 1600 |
| 6 | ലായിക്കാട് മരങ്ങാറ്റുപടി ഗുരുമന്ദിരം റോഡ് കോൺക്രീറ്റിംഗ് | 1 | 1600 | 1600 |
| 7 | പൂവംപള്ളി നക്രാൽപുതുവേൽ റോഡ് കോൺക്രീറ്റിംഗ് | 2 | 1600 | 3200 |
| | | | | 18064 |

2019-20 വർഷം ഇ-ടെൻഡർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക ടി അക്കൗണ്ടിൽനിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

## 1-21 പൊതുടാപ്പുകളുടെ വെള്ളക്കരം-

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 19-20 വർഷം തനതുഫണ്ടിൽ നിന്നും ആകെ 734003 - രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 186 ടാപ്പുകളാണുള്ളത്. പ്രതിമാസം 81375- (5250/12*186) രൂപയാണ് അടച്ചു പോരുന്നത്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ 571253- രൂപയുടെ (81375*5 +164378) ബിൽ മാത്രമാണ് സൂക്ഷിച്ചിരിക്കുന്നത്. മുഴുവൻ ചെലവുരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാനും പഞ്ചായത്തിലെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കാനുമാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം 8 )മറുപടി ലഭ്യമാക്കിയില്ല. ചെലവുവിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-22 തെരുവുവിളക്ക് അറ്റകുറ്റപ്പണിയ്ക്കുള്ള സാധനസാമഗ്രികൾ വാങ്ങൽ- രേഖകൾ പൂർണമല്ല

19-20 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ തെരുവുവിളക്ക് അറ്റകുറ്റപ്പണിയ്ക്കുള്ള സാധനസാമഗ്രികൾ വാങ്ങൽ- പ്രോജക്റ്റ് പ്രകാരം 199920- (Bill No.16/19-20/26-10-19) രൂപ ചെലവഴിച്ച് ഹന്ന ഇലക്ട്രിക്കൽസ്, ചങ്ങനാശ്ശേരി എന്ന സ്ഥാപനം മുഖേന വാങ്ങിയിട്ടുണ്ട്. ട്രഷറി ബിൽ കോപ്പി ഉണ്ടെങ്കിലും ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവയില്ല. മാത്രമല്ല വാർഡ്തിരിച്ചുള്ള വിശദമായ ഇൻസ്റ്റലേഷൻ റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ G2-44274/2015/17-8-15 നം സർക്കുലറിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിക്കും പ്രകാരം തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, സ്റ്റോക്ക് ഇൻ, സ്റ്റോക്ക്ഔട്ട് രജിസ്റ്ററുകളൊന്നും തന്നെ സൂക്ഷിയ്ക്കുന്നില്ല. ഈ രേഖകളും വാങ്ങിയ ബൾബുകളുടെ ഇൻസ്റ്റലേഷൻ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് ( നം. 9) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുതുക 199920- തടസ്സപ്പെടുത്തുന്നു.

## 1-23 അജൈവമാലിന്യ ശേഖരണ പ്ലാന്റ് നിർമ്മാണം -അപാകത

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 201/20 |
| അടങ്കൽ തുക | 1062000 (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 977417/-(19-20 വർഷം 318404/-രൂപ -ബിൽ നം.32//24.07.19) |
| കരാറുകാരൻ | ടോണി തോമസ് |
| കരാർ നമ്പർ | 68/AE/LSGD/PPD/17-18/26.03.18 |
| എം.ബുക്ക് നം. | 51/18-19 ; 66/18-19 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയതും 2017-18 വർഷം വിഭാവനം ചെയ്തതുമായ ഈ പ്രോജക്റ്റ് പ്രകാരം നാല് മുറികളുള്ള അജൈവമാലിന്യ ശേഖരണ കേന്ദ്രത്തിന്റെ ഒരു മുറി ഓഫീസ് മുറിയായും മറ്റ് മൂന്ന് മുറികൾ പ്ലാസ്റ്റിക് വേസ്റ്റ് , ഇ- വേസ്റ്റ് ,ബയോ മെഡിക്കൽ വേസ്റ്റ് എന്നിവ ശേഖരിക്കുന്നതിനാണ് വിഭാവനം ചെയ്തത് . ഇവയിൽ ഓഫീസ് മുറിക്ക് മാത്രമാണ് കതക് സ്ഥാപിച്ചിട്ടുള്ളത്. ബാക്കി മൂന്ന് മുറികൾക്ക് കതകില്ല. അജൈവമാലിന്യങ്ങൾ മുറികളിലും ,വരാന്തയിലും മുറ്റത്തുമായി ചിതറിക്കിടക്കുന്നതായി സ്ഥലപരിശോധനയിൽ കാണുന്നു. കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ഇവിടെ നിന്നും നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കപ്പെട്ടിട്ടില്ല.







കുടുംബാരോഗ്യകേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി ഇല്ലാതെ ഇപ്രകാരമൊരു കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം തിരഞ്ഞെടുത്തത് പദ്ധതി ആസൂത്രണത്തിലെ പോരായ്മയാണ്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ19.02.2020ലെ 1-ാം നമ്പർ കമ്മറ്റി തീരുമാനത്തിൽ ഗ്രാമപഞ്ചായത്തിൽ പായിപ്പാട് എഫ്.എച്ച് സിയെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡിനും കായൽ കൽപം അവാർഡ് ലഭിക്കുന്നതിനും തിരഞ്ഞെടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തതമൂലം പൊതുജനാരോഗ്യ വിഭാഗം പാലിയേറ്റീവ് ക്ലിനിക്ക് എന്നിവ എഫ് എച്ച് സിയുടെ പരിസരത്തുള്ള പഞ്ചായത്തിന്റെ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും മാലിന്യം തരംതിരിക്കൽ യൂണിറ്റ് മാറ്റി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ നൽകിയ കത്ത് കമ്മറ്റി വായിച്ച് ചർച്ച ചെയ്തതായി വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ / വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 )മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-24 മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രം - പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 202/20 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രം നിർമ്മാണം |
| അടങ്കൽ | വികസനഫണ്ട്--453400 ,ബ്ലോക്ക് വിഹിതം - 700000 ,ജില്ലാ പഞ്ചായത്ത് വിഹിതം -1000000<br>ആകെ- 2153400 |
| ചെലവ് | 18,55,197/- (2019-20 വർഷത്തെ ചെലവ് -193670/-രൂപ (ചെക്ക് നമ്പർ-0813388 തീയതി -04/12 /2019) |
| എഗ്രിമെന്റ് നം. | 54/AE/LSGD/PPD/17-18 Dt 27.2.2018 |
| എം.ബുക്ക് നം. | 55/18-19; 24/18-19. 3/19-20 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ഈ പ്രോജക്ട് നിർവ്വഹണത്തിന്റെ ഫയൽ പരിശോധനയിലും സ്ഥലപരിശോധനയിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല.

23/07/2019 ൽ ഉദ്ഘാടനം നടത്തിയതായി ശിലാഫലകത്തിൽ നിന്നും വ്യക്തമാകുന്ന കെട്ടിടം നാളിതുവരെ മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രം എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും നിലവിൽ കോവിഡ് വാക്സിനേഷൻ സെന്ററായി കെട്ടിടം ഉപയോഗിക്കുന്നുണ്ടെന്നും സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഇപ്രകാരം ഉപയോഗിക്കുന്നതിന് ആരോഗ്യവകുപ്പിന്റെ അനുമതി നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തിയായി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല. സ.ഉ (കൈ )നം.11/2018തീ . 29.01.2018 പ്രകാരമുള്ള നിബന്ധന പ്രകാരം ഫണ്ടിന്റെ മേഖലാതല വിഭജനവും അനിവാര്യ വകയിരുത്തലും ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടായിരിക്കാം മുതിർന്ന പൗരന്മാർക്കുള്ള പ്രത്യേക പ്രോജക്ട് എന്ന നിലയിൽ ഈ പ്രോജക്ട് ആസൂത്രണം ചെയ്തത്. എന്നാൽ മുതിർന്ന പൗരന്മാർക്ക് പ്രത്യക്ഷത്തിൽ യാതൊരു തരത്തിലും നാളിതുവരെ പ്രയോജനം ലഭിച്ചിട്ടില്ല.

2)ഫാമിലി ഹെൽത്ത് സെന്ററിന് സമീപത്തായി കെട്ടിടനിർമ്മാണത്തിന് സ്ഥലം തിരഞ്ഞെടുത്തു.

ഫാമിലി ഹെൽത്ത് സെന്റർ സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ എഫ് എച്ച് സി യിൽ നിന്നും ഏകദേശം നാല് മീറ്റർ ദൂരത്തിൽ എഫ്.എച്ച്.സിക്ക് ആവശ്യമായ സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുമ്പോൾ ഇപ്രകാരം മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണം നടത്തുന്നതിന് സ്ഥലം തിരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല.




3)കെട്ടിടനിർമ്മാണത്തിന് കാലതാമസം -ഫൈൻ ഈടാക്കിയതിൽ കുറവ്.

കെട്ടിടനിർമാണത്തിനായി എഗ്രിമെന്റ് വച്ച് 27.02.2018 ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തു. ആദ്യ മെഷർമെന്റ് തീയതി 27/09/2018 ഉം 02/07/2019 ലാണ് അവസാനം ചെക്ക് മെഷർ ചെയ്ത തീയതി 02/07/2019 ഉം ആണ്. 2018-19 ,2019-20 വർഷങ്ങളിൽ നാല് ബില്ലുകൾ പ്രകാരം തുക നൽകിയ ഈ പ്രവൃത്തിയുടെ പി.എ.സി 1876367/-രൂപയാണ്. പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റെ വിശദാംശങ്ങളോ കരാറുകാരൻ അതിനായി അപേക്ഷ നൽകിയതിന്റെ വിവരങ്ങളോ ,സപ്ലിമെന്ററി എഗ്രിമെന്റോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. എന്നാൽ ഫൈനൽ ബില്ലിൽ നിന്നും 3873/- രൂപ മാത്രമാണ് ഫൈൻ ഈടാക്കിയിരിക്കുന്നത്. കാലാവധി കഴിഞ്ഞ് പ്രവൃത്തി ചെയ്യാൻ അനുവദിച്ചതിന് കരാർ വ്യവസ്ഥ നം.ഏഴ് പ്രകാരം പി.എ.സിയുടെ 2% ഫൈൻ തുക 37,527/- രൂപ കുറവ് ചെയ്യുന്നതിന് പകരം 3873/- രൂപ മാത്രം കുറവ് ചെയ്ത് കരാറുകാരന് തുക നൽകിയതിന്മേൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന ഫൈൻ 33,654 /-(37527 /-- 3873/- ) രൂപ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

4)പാർട്ട് ബില്ലുകളിൽ നിന്ന് റീടെൻഷൻ കുറവ് ചെയ്തിട്ടില്ല.

പ്രവൃത്തിക്ക് മൂന്ന് പാർട്ട് ബില്ലുകളും നാലാമത് ഫൈനൽ ബില്ലും നൽകിയിട്ടുണ്ടെങ്കിലും ഒന്നാമത് പാർട്ട് ബില്ലിൽ മാത്രമാണ് നിയമാനുസൃത റീടെൻഷൻ കുറവ് ചെയ്തത്. രണ്ട്, മൂന്ന് പാർട്ട് ബില്ലുകളിൽ നിന്ന് റീടെൻഷൻ കുറവ് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമല്ല. റിട്ടെൻഷൻ തിരികെ നൽകിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

5)കെട്ടിടത്തിന് ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല.

കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ലെന്നും കോവിഡ് വാക്സിനേഷൻ സെന്ററായി ഉപയോഗിക്കുന്നതിന് ഇലക്ട്രിഫിക്കേഷന് താത്കാലിക സംവിധാനം ഒരുക്കുക മാത്രമാണ് ചെയ്തിരിക്കുന്നതെന്നും സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ / വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

6)മുതിർന്ന പൗരന്മാർക്ക് വിനോദ വിജ്ഞാന വിശ്രമ കേന്ദ്രം കെട്ടിടത്തിൽ നിന്നും ഏകദേശം മൂന്ന് മീറ്റർ ദൂരത്തായി പഞ്ചായത്ത് വക അജൈവമാലിന്യ ശേഖരണ കേന്ദ്രം സ്ഥിതിചെയ്യുന്നു. കൃത്യമായ ആസൂത്രണത്തിന്റെ അഭാവത്താലാണ് ഇപ്രകാരമുള്ള രണ്ട് കെട്ടിടങ്ങൾ കുടുംബാരോഗ്യകേന്ദ്രത്തിന് ഇത്രയും സമീപത്തായി നിർമ്മിച്ചിരിക്കുന്നത്.



7) പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിലില്ല.

വിശദാംശങ്ങൾ / വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ -12 ) മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിച്ച് മുതിർന്ന പൗരൻമ്മാർക്കുള്ള വിനോദ വിജ്ഞാപന വിശ്രമ കേന്ദ്രം പ്രവർത്തനക്ഷമമാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-25 വിനിയോഗവിവരം ലഭ്യമാക്കാത്തത്-

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. പദ്ധതികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ആകെ ചെലവുതുക 292684- രൂപ തടസ്സപ്പെടുത്തുന്നു

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA, തിരുവല്ല | 8/20<br>4-ാം നമ്പർ അംഗനവാടിക്ക് പൈപ്പ് ലൈൻ | 19/15-11-2019<br>813383-19.11.2019 | 75466<br>4534 | | 75466<br>4534 |
| കെ.എസ്.ഇ.ബി, തൃക്കൊടിത്താനം | 14/20<br>വൈദ്യുതി പോസ്റ്റ് സ്ഥാപിയ്ക്കലും മാറ്റി സ്ഥാപിയ്ക്കലും | 29/06-02-20<br>23/20.01.2020 | 6857-<br>3789 | - | 6857-<br>3789 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം | 249/20<br>15ാം നം അംഗൻവാടിയ്ക്ക് കുഴൽകിണറിന് മോട്ടോർ സ്ഥാപിയ്ക്കൽ | 28/13-03-20 | 80000- | - | 80000- |
| കെ.എസ്.ഇ.ബി, കിടങ്ങറ | 13/20<br>വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ | 24/20-03-20 | 47743- | - | 47743- |
| | | 30/13-03-20 | 51628- | - | 51628- |

| | | | | | |
|---|---|---|---|---|---|
| | | 25/20-01-20 | 82629- | - | 82629- |
| | | Ch No 28777/ 24-01-20 | 7915- | - | 7915- |
| കെ.എസ്.ഇ.ബി, കിടങ്ങറ | 15/21 1വാർഡിൽ സ്ഥാപിച്ച തെരുവുവിളക്കിന് മീറ്ററിംഗ് | 15/28-10-19 | 15912- | - | 15912- |
| ആകെ | | | 376473 | | 376473 |

1-26 വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ - സ്റ്റോക്കിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല

പ്രോജ. നം. 42/2019-20, വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ

ചെലവ് 135000/-

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നം.8/13.3.2020

ബിൽ നം.9/25.2.2020

മേൽ പ്രോജക്ടിൽ 74ഗ്ലൂക്കോമീറ്ററും 7400 സ്ട്രിപ്പും വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ആകെ വാങ്ങിയ 74 ഗ്ലൂക്കോമീറ്ററിൽ 73 പേരാണ് ഗ്ലൂക്കോമീറ്റർ കൈപ്പറ്റിയതായി രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. വാങ്ങുന്ന ഉപകരണങ്ങൾ ഉപയോഗക്ഷമമാണെന്ന് നിർവഹണ ഉദ്യോഗസ്ഥ ബില്ലിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർക്കുന്നുണ്ടെങ്കിലും പ്രോജക്ട് നമ്പർ, ബിൽ നമ്പർ, തീയതി, ആകെ കിട്ടിയ ഉപകരണങ്ങൾ, വിതരണ ശേഷമുള്ള ബാലൻസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3 തീ.2.12.2021) ഒരു ഗുണഭോക്താവിന്റെ പേര് എഴുതാൻ വിട്ടുപോയതാണെന്നും ചൂണ്ടിക്കാട്ടിയ അപാകതകൾ ആവർത്തിക്കില്ലായെന്നും ആവശ്യമായ വിവരങ്ങൾ എഴുതി ചേർത്തിട്ടുണ്ടെന്നും വാങ്ങിയ മുഴുവൻ ഉപകരണങ്ങളും വിതരണം ചെയ്തതായും മറുപടി ലഭിച്ചു. അപാകത ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-27 വീട് വാസയോഗ്യമാക്കൽ - തുക പര്യാപ്തമല്ല

പായിപ്പാട് ഗ്രാമ പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം വി.ഇ.ഒ നിർവഹണോദ്യോഗസ്ഥനായി ആകെ 3പ്രോജക്ടുകളാണ് വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം നടപ്പിലാക്കിയത്. ജനറൽ വിഭാഗത്തിൽ 2 ഉം എസ്.സി വിഭാഗത്തിൽ 1 ഉം പ്രോജക്ടുകൾ നടപ്പിലാക്കുകയുണ്ടായി. ഇതിൽ ജനറൽ വിഭാഗത്തിന് നാമമാത്രമായ തുകയാണ് പ്രോജക്ടിൽ വകയിരുത്തി ഗുണഭോക്താക്കൾക്ക് നൽകിയത്. വാല്യവേഷനിലെ തുകയേക്കാൾ വളരെക്കുറഞ്ഞ തുകയാണ് മുഴുവൻ ഗുണഭോക്താക്കൾക്കും ലഭിച്ചത്. ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് തൻ വർഷ പ്രോജക്ടിൽ(പ്രോജ. നം.29) 25000/- രൂപയും സ്പിൽ ഓവർ പ്രോജക്ടിന് (പ്രോജ.നം.199) 50000/- രൂപയുമാണ് പരമാവധി നൽകിയിട്ടുള്ളത്. എസ്.സി യ്ക്ക് പരമാവധി 1 ലക്ഷം രൂപയുമാണ് ടി പദ്ധതി പ്രകാരം വീട് പുനരുദ്ധാരണത്തിനായി നൽകിയത്. തുകയിൽ കുറവു വരുത്തി കൂടുതൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന രീതിയാണ് തുടർന്ന് വരുന്നത്. വീട് പുനരുദ്ധാരണം പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താവിന് പൂർണ്ണമായ പ്രയോജനം ലഭിക്കത്തക്കവിധത്തിലുള്ള കാഴ്ചപ്പാടോടുകൂടി വേണം പദ്ധതി വിഹിതം നിശ്ചയിക്കേണ്ടത്. കൂടുതൽ ഗുണഭോക്താക്കളെ ഉൾക്കൊള്ളിക്കുക എന്നതിലുപരി നടപ്പിലാക്കുന്ന പദ്ധതികൊണ്ട് മെച്ചപ്പെട്ട സേവനം നൽകൽ ആയിരിക്കണം പദ്ധതി നടപ്പിലാക്കുന്നതു കൊണ്ട് ലക്ഷ്യമാക്കേണ്ടത്. കേവലം 25000/- രൂപ മാത്രം വീട് പുനരുദ്ധാരണം എന്ന

പദ്ധതിക്ക് നൽകുന്നതു കൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയില്ല. സർക്കാരിന്റെ പണം കാര്യക്ഷമമായി വിനിയോഗിക്കപ്പെടാതെ നഷ്ടപ്പെടാൻ സാഹചര്യം സൃഷ്ടിക്കപ്പെടുന്ന എന്നതു മാത്രമാണ് ഈ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുന്നതുകൊണ്ട് ഉണ്ടാകുന്നത്. പൊതു വിഭാഗത്തിന് 100000 രൂപയും എസ്.സി, എസ്.റ്റി വിഭാഗത്തിന് 150000 രൂപയും ആണ് വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം പരമാവധി നൽകാവുന്നത്. ആയതിനാൽ തുടർ വർഷങ്ങളിൽ ഗുണഭോക്താക്കൾക്ക് കൂടുതൽ തുക പദ്ധതി വിഹിതമായി അനുവദിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടതാണ്.

### 1-28 ലൈഫ് ജനറൽ - തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല

പ്രോജ. നം.198/2019-20, ലൈഫ് ജനറൽ (സ്പിൽ ഓവർ)

അടങ്കൽ 9050592/

ചെലവ് - 2780000/-(വി.ഫ-1793232/-, ലോൺ-986768/-)

നിർവഹണം - വി.ഇ.ഒ

ബിൽ നം.1/19.8.2019, 6/18.10.2019, 11/23.11.2019, 14/18.2.2020

ശ്രീ. പി.എൻമോഹനൻ (വാർഡ് 5) എന്ന ഗുണഭോക്താവ് 2018-19 സാമ്പത്തിക വർഷം എഗ്രിമെന്റ് വെയ്ക്കുകയും ആദ്യ ഗഡു (40000/-) 30.3.2019 ൽ കൈപ്പറ്റുകയും ചെയ്തു. പ്രോജക്ട് സ്പിൽ ഓവർ ആയതിനെ തുടർന്ന് 2019-20 ൽ മേൽ നമ്പർ പ്രോജക്ടിൽ 2.8 ലക്ഷംരൂപ കൂടി അനുവദിച്ചു. വിവിധ ബില്ലുകളിലായി ആകെ 320000/- രൂപ നാളിതുവരെ കൈപ്പറ്റിയെങ്കിലും മേൽക്കൂര പണിയുകയോ പണി പൂർത്തിയാക്കുകയോ ചെയ്തില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/2.12.2021) സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പണി പൂർത്തീകരിക്കാൻ ശ്രമിച്ചെങ്കിലും ടിയാന്റെ നിസ്സഹകരണം മൂലം പണി തുടർന്ന് നടത്താൻ കഴിഞ്ഞില്ലായെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പണി പൂർത്തീകരിക്കാത്ത പക്ഷം ടിയാന്റെ കൈപ്പറ്റ് തുക തിരികെ പിടിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-29 കന്നുകുട്ടി പരിപാലനം- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രോജ. നം. 186 / 2019-20

അടങ്കൽ -50000/-(വികസന ഫണ്ട് ജനറൽ)

ചെലവ് - 50000/- (ബിൽ നമ്പർ- 1 / 13.06.2019 )

2019-20 വർഷം വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പ്രത്യേക കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ട് പ്രകാരം കന്നുകുട്ടികൾക്കായി വികസന ഫണ്ടിൽ നിന്ന് രൂപ 50000/-രൂപ അസി. ഡയറക്ടർ, കാഫ് ഫീഡ് പ്രോഗ്രാമിന് നൽകി. പ്രോജക്ട് നിർവഹണത്തിന്റ വിശദാംശങ്ങൾ ,വിനിയോഗ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് മുതലായവ ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 01.12.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ട് നം. പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | 94/19-20- പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | 19/19-20- ശാരീരിക മാനസിക -വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 40000 | 196/19-20- വയോജനങ്ങൾക്ക് ഗ്ലൂക്കോമീറ്റർ | 40000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 287593 | 82/19-20- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (ജനറൽ ) | 287593 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 400000 | 83/19-20- കറവപശുക്കൾക്ക് | 400000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കാലിതീറ്റ ധനസഹായം (ജനറൽ ) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 705063 | 129/19-20- ലൈഫ് ജനറൽ | - | 705063 |
| ആകെ (ബ്ലോക്ക് പഞ്ചായത്ത്) | | 1832656 | | 1127593 | 705063 |

4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ് ഇബി, തൃക്കൊടിത്താനം | 14/20<br>വൈദ്യുതി പോസ്റ്റ് സ്ഥാപിയ്ക്കലും മാറ്റി സ്ഥാപിയ്ക്കലും | 29/06-02-20<br>23/20.01.2020 | 6857-<br>3789 | - | 6857-<br>3789 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം | 249/20<br>15ാം നം അംഗൻവാടിയ്ക്ക് കുഴൽകിണറിന് മോട്ടോർ സ്ഥാപിയ്ക്കൽ | 28/13-03-20 | 80000- | - | 80000- |
| കെഎസ് ഇ ബി, കിടങ്ങറ | 13/20<br>വിവിധ വാർഡുകളിൽ വൈദ്യ്ുതി ലൈൻ നീട്ടൽ | 24/20-03-20 | 47743- | - | 47743- |
| | | 30/13-03-20 | 51628- | - | 51628- |
| | | 25/20-01-20 | 82629- | . | 82629- |
| | | Ch No 28777/ 24-01-20 | 7915- | - | 7915- |
| കെഎസ് ഇബി, കിടങ്ങറ | 15/21<br>1ാ വാർഡിൽ | 15/28-10-19 | 15912- | - | 15912- |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിച്ച തെരുവുവിളക്കിന് മീറ്ററിംഗ് | | | | |
| കേരള വാട്ടർ അതോറിറ്റി, തിരുവല്ല | 8/20-4-ാം നമ്പർ അംഗനവാടിക്ക് പൈപ്പ് ലൈൻ | 19/15.11.2019 ചെക്ക് നം.813383/19.11.2019 | 75466<br>4534 | | 75466<br>4534 |
| ആകെ | | | 376473- | | 376473- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2019-20 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| KURDFC LOAN ലൈഫ് ഭവന പദ്ധതി | 4866768 | 980000 | 514706 | - | 5332062 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2019-20 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2018-19 | 3-3 | 3500 | ശ്രീ.ജോസഫ് അന്റണി, ടെക്ക്നിക്കൽ അസിസ്റ്റന്റ് | 119020100505/ 08.05.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2.1<br>2.2.2 | 2016-17 | ഖണ്ഡിക - 1<br>അനുബന്ധം-3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2.3.1, 2, 3, 4, 5 | 2016-17 | ഖണ്ഡിക - 2<br>അനുബന്ധം-4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2.5.1<br>2.5.2<br>2.5.3 | 2016-17 | ഖണ്ഡിക - 2<br>അനുബന്ധം-5 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : 87353716 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 52249753 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 626393 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | | |
| ആകെ | | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 199920 | ശ്രീമതി.ലത എസ് , സെക്രട്ടറി |
| 1-25 | 50000 | ശ്രീമതി.ലത എസ് , സെക്രട്ടറി |
| 1-29 | 376473 | ശ്രീമതി.ടെസി മാത്യു , വെറ്ററിനറി സർജൻ |
| ആകെ | 626393 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 96-97 ചെലവ് | എൽ.എഫ്.കെ.പി3/210/98/16.5.98 /3.9.99 | |
| 97-98 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി3/1661 /16/05.01.18 | 6 |
| 98-99(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി3/1661 /16/05.01.18 | 6 |
| 99-00 | കെ.എസ്.എ-കെ.ടി.എം.പി3/1661 /16/22.01.18 | 9 |
| 01-02 | എൽ.എഫ്.കെ.പി8/906/07 22.04.09 | 4 |
| 02-03 ചെലവ് | കെ.എസ്.എ- കെ.ടി.എം.പി10/(അദാ2018)187(4) /2018/01.02.18 | 1 |

| | | |
|---|---|---|
| 03-04 ചെലവ് | എൽ.എഫ്.കെ.പി8/165 /07/04.07.09 | 13 |
| 05-06 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(6) /2018/01.02.18 | 4 |
| 06-07 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(7) /2018/01.02.18 | 1 |
| 07-08 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(11) /2018/01.02.18 | 6 |
| 08-09 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(8) /2018/01.02.18 | 9 |
| 09-10 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(9) /2018/01.02.18 | 5 |
| 10-11, 11-12 | കെ.എസ്.എ-കെ.ടി.എം.പി10/(അദാ2018)187(10) /2018/01.02.18 | 12 |
| 12-13 | എൽ.എഫ്.കെ.പി3/1370/14/ 18.4.15 | 12 |
| 13-14 | കെ.എസ്.എ-കെ.ടി.എം.പി3/175 /15/10.3.16 | 24 |
| 14-15 | കെ.എസ്.എ-കെ.ടി.എം.പി3/1803 /16/03.04.17 | 19 |
| 15-16 | കെ.എസ്.എ-കെ.ടി.എം.പി13/1931 /16/02.05.17 | 45 |
| 16-17 | കെ.എസ്.എ-കെ.ടി.എം.പി10/412 /16/05.10.2017 | 45 |
| 17-18 | കെ.എസ്.എ-കെ.ടി.എം.പി10/2024 /18/03.05.19 | 40 |
| 18-19 | നം.കെഎസ്എ.കെടിഎം.പി.10/1075 /19/10.02.20 | 13 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്